ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ നിർമ്മാണം

299(1000) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ക്ലാസിഫിക്കേഷനിൽപ്പെട്ട എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എല്ലാം കൂടി എത്ര മുറികൾ വാടകയ്ക്ക് നല്കാൻ സജ്ജമാണെന്നും വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ കണ്ടെത്തലുകൾ പ്രകാരം അടുത്ത അഞ്ച് വർഷം എത്ര മുറികളോട് കൂടിയ എത്ര ഹോട്ടലുകൾക്ക് പുതിയതായി കേരളത്തിൽ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിലെത്തുന്ന ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ ആവശ്യകത മുൻനിർത്തി അടുത്ത പത്തു വർഷമാകുമ്പോൾ സംസ്ഥാനത്ത് എത്ര മുറികൾ ആവശ്യമായി വരും;

(ഡി) സംസ്ഥാനത്ത് നിലവിൽ ഫൈവ് സ്റ്റാർ കാറ്റഗറിയിലേക്കുള്ള എത്ര ഹോട്ടലുകളുടെ നിർമ്മാണം നടന്നുവരുന്നതായി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ-സി) ഹോട്ടൽ ക്ലാസിഫിക്കേഷൻ നടപടികൾ സ്വീകരിക്കുന്നത് ഇന്ത്യാ ടൂറിസം ആഫീസാണ്. കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് ക്ലാസിഫൈഡ് ഹോട്ടലുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു (31-12-2014 വരെയുള്ളത്.)

ഹോട്ടൽ ക്ലാസിഫിക്കേഷൻ	31-12-2014 വരെ	
	ഹോട്ടലുകളുടെ എണ്ണം	റൂമുകളുടെ എണ്ണം
5 സ്റ്റാർ ഡിലക്സ്	8	883
5 സ്റ്റാർ	14	1256
4 സ്റ്റാർ	76	2160
3 സ്റ്റാർ	263	5898
2 സ്റ്റാർ	30	469
ഹെറിറ്റേജ്/ക്ലാസ്സിക്	11	185
ആകെ	402	10851

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി

300(1001) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:,

(എ) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ നടന്ന സാമ്പത്തിക ക്രമക്കേടും, ക്രമവിരുദ്ധവുമായി നടന്ന പ്രവർത്തികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായ മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വിജിലൻസ് റെയ്ഡ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്നാണ് വിജിലൻസ് പരിശോധന നടന്നത് ; പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇത്തരം ഒരു പരിശോധന നടന്നത് പ്രസ്തുത സ്ഥാപനം ബന്ധപ്പെട്ട വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 26-6-2015-ലാണ് വിജിലൻസ് പരിശോധന നടന്നത്. പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല. വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

ഹൗസ് ബോട്ടുകളിൽനിന്നുള്ള ജലമലിനീകരണം

301(1002) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട കായലിലും അനുബന്ധ ജലാശയങ്ങളിലും ഹൗസ് ബോട്ടുകളിൽ നിന്നും മറ്റുമായി വൻതോതിലുള്ള ജലമലിനീകരണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly